"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ഡ്രഗ്സ് കൺട്രോൾ വകുപ്പ് - ജീവനക്കാര്യം -ആയുർവേദ ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിൽ ഡ്രഗ്സ് ഇൻസ്പെക്ടർമാരുടെ അധിക തസ്തികകൾ - അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എഫ്) വകുപ്പ്**

സ.ഉ.(കൈ) നം.185/2025/H&FWD തീയതി,തിരുവനന്തപുരം, 04-07-2025

---

പരാമർശം:- ഡ്രഗ്സ് കൺട്രോളറുടെ 04/09/2024, 18/11/2024, 17/02/2025 തീയതികളിലെ ഡിസി/3317/2024-എസി4 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

ആയുർവേദ ഔഷധ നിർമ്മാതാക്കൾക്ക് വകുപ്പിൽ നിന്നും ലഭ്യമാക്കേണ്ടതായ വിവിധ സേവനങ്ങൾ സമയബന്ധിതമായി നൽകുന്നതിനൊപ്പം, ടി മേഖലയുടെ നിലനിൽപ്പിനെയും, പൊതുജനാരോഗ്യത്തെയും ബാധിയ്ക്കുന്ന നിയമവിരുദ്ധ പ്രവർത്തനങ്ങൾക്ക് എതിരായി ശക്തമായ നിയമനടപടികൾ സ്വീകരിയ്ക്കേണ്ടതു ഉൾപ്പെടെയുള്ള ഭാരിച്ച ചുമതലകൾ യഥാവിധി നിർവ്വഹിയ്ക്കുന്നതിനാവശ്യമായ എൻഫോഴ്സ്മെന്റ്, മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ ദൗർലഭ്യം നിമിത്തം വലിയ പ്രതിസന്ധിയാണ് ആയുർവേദ ഡ്രഗ്സ് കൺട്രോൾ വിഭാഗം നേരിടുന്നതെന്നും, ആയതിനാൽ ആയുർവേദ ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിന്റെ സുഗമമായ പ്രവർത്തനത്തിന് അധിക തസ്തികകൾ സൃഷ്ടിക്കണമെന്ന് പരാമർശം (1) പ്രകാരം ഡ്രഗ്സ് കൺട്രോളർ ശിപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഡ്രഗ്സ് കൺട്രോൾ വകുപ്പിനു കീഴിലെ ആയുർവേദ ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിൽ ആയുർവേദ ഡ്രഗ്സ് ഇൻസ്പെക്ടർമാരുടെ 7 അധിക തസ്തികകൾ അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

ഡ്രഗ്സ് കൺട്രോളർ, തിരുവനന്തപുരം.

ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ (ആയുർവേദ), ആരോഗ്യ ഭവൻ, തിരുവനന്തപുരം (ഡ്രഗ്സ് കൺട്രോളർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (09/05/2025 തീയതിയിലെ 2984860/HLT-B1/191/2024-FIN നമ്പർ അഭിപ്രായക്കുറിപ്പ് പ്രകാരം).

പൊതുഭരണ (എസ്.സി) വകുപ്പ് (02/07/2025 തീയതിയിലെ മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ ഇനം നം.3094 പ്രകാരം).

വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ ) വകുപ്പ്.

കരുതൽ ശേഖരം/ഓഫീസ് കോപ്പി (എഫ്1/218/2024- ആരോഗ്യം നമ്പർ ഫയലിലേയ്ക്ക്.)

ഉത്തരവിൻ പ്രകാരം

Signed by
Jimmy Kochu Paul
Date: 04-07-2025 16:11:24

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 02-07-2025

ഫയൽ നം. എഫ്1/218/2024/ആകുവ. ഇനം നം: 3094

വിഷയം : ആരോഗ്യ-കുടുംബക്ഷേമ വകുപ്പ് - ആയുർവേദ ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിൽ ഡ്രഗ്സ് ഇൻസ്പെക്ടറുടെ അധിക തസ്തികകൾ സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആരോഗ്യ-കുടുംബക്ഷേമ വകുപ്പ്.

3094

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | : എഫ്1/218/2024/ആകുവ |
| 2. | വകുപ്പ് | : ആരോഗ്യ കുടുംബക്ഷേമ (എഫ്) വകുപ്പ് |
| 3. | വിഷയം | : ആയുർവേദ ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിൽ ഡ്രഗ്സ് ഇൻസ്പെക്ടറുടെ അധിക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 07/06/2025 |
| 5. | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ ? | : അതെ |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ , ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊളളിച്ചിട്ടുണ്ടോ? | : ഉണ്ട് ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുളള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : ശ്രീമതി.ഷൈജ.സി.ജി |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : ഡോ.രാജൻ എൻ ഖോബ്രഗഡെ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 13/06/2025 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ഡോ.എ ജയതിലക് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 18/06/2025 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : ശ്രീമതി.വീണാ ജോർജ് |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : 25/06/2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : 27/06/2025 |
| 15. | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | : |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ഡ്രഗ്സ് കൺട്രോൾ വകുപ്പിനു കീഴിലെ ആയുർവേദ ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിൽ ഡ്രഗ്സ് ഇൻസ്പെക്ടർ (ആയുർവേദ)-യുടെ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സംബന്ധിച്ചതാണ് ഈ കുറിപ്പ്.

2. ആയുർവേദ ഔഷധ നിർമ്മാതാക്കൾക്ക് വകുപ്പിൽ നിന്നും ലഭ്യമാക്കേണ്ടതായ വിവിധ സേവനങ്ങൾ സമയബന്ധിതമായി നൽകുന്നതിനൊപ്പം, ടി മേഖലയുടെ നിലനിൽപ്പിനെയും, പൊതുജനാരോഗ്യത്തെയും ബാധിയ്ക്കുന്ന നിയമവിരുദ്ധ പ്രവർത്തനങ്ങൾക്ക് എതിരായി ശക്തമായ നിയമനടപടികൾ സ്വീകരിയ്ക്കേണ്ടതു ഉൾപ്പെടെയുള്ള ഭാരിച്ച ചുമതലകൾ യഥാവിധി നിർവ്വഹിയ്ക്കുന്നതിനാവശ്യമായ എൻഫോഴ്സ്മെന്റ്, മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ ദൗർലഭ്യം നിമിത്തം വലിയ പ്രതിസന്ധിയാണ് ആയുർവേദ ഡ്രഗ്സ് കൺട്രോൾ വിഭാഗം നേരിടുന്നതെന്നും, കേന്ദ്ര ആയുഷ് മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശ പ്രകാരം നിർമ്മാണ യൂണിറ്റുകളും, എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥരും തമ്മിലുള്ള അനുപാതം 30:1 എന്നതാണെന്നും, നിലവിൽ സംസ്ഥാനത്ത് 816 ആയുർവേദ ഔഷധ നിർമ്മാണ യൂണിറ്റുകൾ പ്രവർത്തിച്ച് വരുന്നുണ്ടെന്നും, ആയതിന്റെ പരിശോധനയ്ക്കും, നിയമപരമായ മറ്റ് അന്വേഷണങ്ങൾക്കുമായി 7 ആയുർവേദ ഡ്രഗ്സ് ഇൻസ്പെക്ടർ തസ്തികകൾ മാത്രമാണ് ഈ വിഭാഗത്തിൽ നിലവിലുള്ളതെന്നും, ഡ്രഗ്സ് കൺട്രോളർ റിപ്പോർട്ട് ചെയ്തിരുന്നു. കൂടാതെ 2008-ൽ വകുപ്പിലെ ആയുർവേദ വിഭാഗം ഒരു പ്രത്യേക വിംഗ് ആയി മാറിയ സമയത്ത് ഉണ്ടായിരുന്ന 12 മിനിസ്റ്റീരിയൽ തസ്തികകളും, പിന്നീട് വകുപ്പിലെ ഓഡിറ്റ് വിഭാഗത്തിനായി ചുമതലപ്പെടുത്തിയിരുന്ന ഒരു സീനിയർ സൂപ്രണ്ട് തസ്തിക ഈ വിഭാഗത്തിലേയ്ക്ക് മാറ്റിയതും കൂടി ഉപയോഗപ്പെടുത്തിയാണ് നിലവിൽ ആയുർവേദ വിഭാഗം പ്രവർത്തിച്ച് വരുന്നതെന്നും , ആയതിനാൽ ആയുർവേദ ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിന്റെ സുഗമമായ പ്രവർത്തനത്തിന് ചുവടെ പട്ടിക പ്രകാരമുള്ള തസ്തികകൾ സൃഷ്ടിക്കണമെന്ന് ഡ്രഗ്സ് കൺട്രോളർ ശിപാർശ ചെയ്തിരുന്നു.

| ക്രമ.നം | തസ്തിക | എണ്ണം |
|---|---|---|
| 1 | ഡ്രഗ്സ് ഇൻസ്പെക്ടർ(ആയുർവേദ) | 21 |
| 2 | ലീഗൽ ഓഫീസർ | 1 |
| 3 | സീനിയർ സൂപ്രണ്ട് | 1 |
| 4 | ജൂനിയർ സൂപ്രണ്ട് | 1 |
| 5 | ഹെഡ് ക്ലാർക്ക് | 1 |
| 6 | ക്ലാർക്ക് | 8 |
| | **ആകെ** | **33** |

3. മേൽ വിഷയത്തിൽ അഭിപ്രായത്തിനായി ഫയൽ ധനകാര്യവകുപ്പിലേയ്ക്ക് അയച്ചപ്പോൾ ധനകാര്യവകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു.

**' 7 ആയുർവേദ ഡ്രഗ് ഇൻസ്പെക്ടർ തസ്തികകൾ സൃഷ്ടിക്കുന്നതിന് ഭരണവകുപ്പിന് അനുമതി നൽകുന്നു.**

**ഇതിനു ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്. '**

4. ഫയൽ ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ ഡ്രഗ്സ് കൺട്രോൾ വകുപ്പിന് കീഴിലെ ആയുർവേദ ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിൽ ആയുർവേദ ഡ്രഗ്സ് ഇൻസ്പെക്ടർമാരുടെ 7 അധിക തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

ഡ്രഗ്സ് കൺട്രോൾ വകുപ്പിനു കീഴിലെ ആയുർവേദ ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിൽ ആയുർവേദ ഡ്രഗ്സ് ഇൻസ്പെക്ടർമാരുടെ 7 അധിക തസ്തികകൾ സൃഷ്ടിക്കാമോ?